**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 413** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ നിർമ്മാണപ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ നിർമ്മാണപ്രവൃത്തികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ഈരാറ്റുപേട്ട – വാഗമൺ റോഡ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏകദേശം 230 സർവ്വേ നമ്പർ അടങ്ങുന്ന ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളതിനാൽ ഏറ്റെടുക്കുന്ന ഭൂമിയെ 3 സ്ട്രെച്ചുകളായി വേർതിരിച്ച് നൽകണമെന്ന് സ്പെഷ്യൽ തഹസീൽദാർ (എൽ.എ ജനറൽ യൂണിറ്റ്, പാലാ) അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡിന് കത്ത് നൽകിയിട്ടുണ്ട്. ഈരാറ്റുപേട്ട മുതൽ തീക്കോയി ജംഗ്ഷൻ വരെയുള്ള സംയുക്ത സ്ഥലപരിശോധനയും ഇതിനോടകം നടത്തിയിട്ടുണ്ട്. |
| (ബി) | സ്ഥലമേറ്റെടുപ്പ് വൈകുന്നത് മൂലമുള്ള കാലതാമസം ഒഴിവാക്കാൻ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ രണ്ടു ഘട്ടങ്ങളിലായി മാറ്റുന്നതിനും ആദ്യ ഘട്ടത്തിൽ റോഡ് റീടാറിങ്ങും രണ്ടാം ഘട്ടത്തിൽ റോഡ് വീതികൂട്ടുന്നതുൾപ്പെടെയുള്ള ഇതര പ്രവർത്തനങ്ങളും നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) | 28-09-2021 ൽ ബഹു. പൂഞ്ഞാർ എം.എൽ.എ യുടെ സാന്നിധ്യത്തിൽ കിഫ്ബിയിൽ നടന്ന യോഗത്തിൽ മുൻപ് പൊതുമരാമത്ത് വകുപ്പ് മന്ത്രി തീരുമാനിച്ചതിൻ പ്രകാരം ഈരാറ്റുപ്പേട്ട - വാഗമൺ റോഡിന്റെ റീടാറിങ്ങ് പ്രവൃത്തി ഉടൻ തന്നെ പൊതുമരാമത്ത് വിഭാഗം നടപ്പിലാക്കുമെന്ന് അറിയിച്ചിരുന്നു. അതേ സമയം കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമുള്ള റോഡ് നടപ്പിലാക്കുന്നതിനു വേണ്ടി വരുന്ന സ്ഥലമേറ്റെടുപ്പ് തുടരുവാനും സ്ഥലമേറ്റെടുപ്പും റീടാറിങ്ങ് പ്രവൃത്തിയുടെ DLP യും പൂർത്തിയായതിന് ശേഷം കിഫ്ബി രീതിയിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ